## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 728** **11-06-2024 - ൽ മറുപടിയ്ക്ക്**

## കുന്നത്തുനാട് മണ്ഡലത്തിലെ സൗരോർജ്ജ പ്ലാന്റുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കുന്നത്തുനാട് മണ്ഡലത്തിലെ ഏതെല്ലാം സർക്കാർ സ്ഥാപനങ്ങളിലും എത്ര വീടുകളിലുമാണ് സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | കുന്നത്തുനാട് മണ്ഡലത്തിലെ ബ്രഹ്മപുരം 220 കെ.വി. സബ്സ്റ്റേഷനിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ തനതു ഫണ്ട് ഉപയോഗിച്ച് 2.75 മെഗാവാട്ട് സൗരോർജ്ജ നിലയം 13.02.2023-ൽ സ്ഥാപിച്ചു. ടി പദ്ധതിയ്ക്ക് 15.76 കോടി രൂപ ചെലവു വന്നു. കുന്നത്തുനാട് മണ്ഡലത്തിൽ സൗരോർജ്ജ പ്ലാന്റ് സ്ഥാപിച്ച സർക്കാർ കെട്ടിടങ്ങളുടെ വിവരം താഴെ ചേർക്കുന്നു.<br><br>ഇതു കൂടാതെ 2185 വീടുകളിൽ സോളാർ പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്.<br><br>കുന്നത്തുനാട് മണ്ഡലത്തിൽ അനെർട്ടിന്റെ സൗരതേജസ്സ് പദ്ധതി വഴി 26 അപേക്ഷകൾ ലഭിച്ചിട്ടുണ്ട് (107 കിലോവാട്ട്). ഇതിൽ 18 കിലോവാട്ട് സൗരോർജ്ജ പ്ലാന്റുകൾ നിലവിൽ സ്ഥാപിച്ചു കഴിഞ്ഞു.<br><br>ഇതു കൂടാതെ കുന്നത്തുനാട് പോലീസ് സ്റ്റേഷനിൽ 5 കിലോവാട്ട്, ഗവ. എൽ.പി.ജി. സ്കൂൾ മഴുവന്നൂരിൽ 3 കിലോവാട്ട്, ജി.എൽ.പി.എസ്. സൗത്ത്, വാഴക്കുളം 3 കിലോവാട്ട്, എന്നീ ശേഷിയുള്ള സൗരോർജ്ജ പവർ പ്ലാന്റുകളും, വടവുകോട് 20 വാട്ടിന്റെ 5 സോളാർ സ്ട്രീറ്റ് ലൈറ്റുകളും സ്ഥാപിച്ചിട്ടുണ്ട് . |
| (ബി) | സൗരോർജ്ജ പ്ലാന്റിനായി എത്ര പുതിയ അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും അതിന്മേൽ സ്വീകരിച്ച തുടർനടപടികളും വ്യക്തമാക്കാമോ? | (ബി) | കെ. എസ്. ഇ. ബി. എൽ. മുഖേന സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കുന്നതിന് 74 പുതിയ അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇവയിൽ സോളാർ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ

| Sl No | Name of Govt Office |
|---|---|
| 1 | Police Station, Pattimattom |
| 2 | GUPS, Kummanode |
| 3 | Police Station, Thadiyittuparamb. |
| 4 | GVHS, Vazhakkulam |
| 5 | Police Station, Puthencruz |
| 6 | L P School, Vadavucod |
| 7 | Police Station, Karimughal |
| 8 | B.D.O., Vadavucod, Kolencherry |
| 9 | Govt Hospital, Kadayiruppu |
| 10 | LPG School, Mazhuvanoor |
| 11 | Grama Panchayat, Poothrikka |
| 12 | P. H. Centre, Thiruvaniyyor |
| 13 | Govt. School, Neeramuhal |